സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം

6 (*216) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം ജനങ്ങൾക്ക് വിലയിരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ തീരുമാനം എപ്പോൾ മുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) റോഡ് നിർമ്മാണത്തിന് അഞ്ചുവർഷം കാലാവധിയുള്ള കരാർ സമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതുകൊണ്ടുള്ള പ്രയോജനം എന്താണെന്ന് വിശദമാക്കുമോ ;

(സി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഉണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിനും ദേശീയപാതാ വിഭാഗത്തിനും കീഴിലുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും മോണിറ്ററിംഗ് നടത്തുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് നടത്തുവാൻ 3-1-2011-ൽ ഉത്തരവായിട്ടുണ്ട്.

(ബി) ഈ സമ്പ്രദായം ഘട്ടംഘട്ടമായി നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അറ്റകുറ്റപ്പണികൾ ലോംഗ് ടേം ഹെവി മെയിന്റനൻസ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയാൽ റോഡുകളുടെ നിലവാരം ഉറപ്പുവരുത്തുന്നതിനും അടിയ്ക്കടിയുണ്ടാകുന്ന മെയിന്റനൻസ് ഒഴിവാക്കുന്നതിനും കഴിയുന്നതാണ്. ശബരിമല റോഡുകൾ ഇപ്രകാരം കരാർ നൽകികഴിഞ്ഞു.

(സി) ഉണ്ട്.

കന്യാകുമാരി-തൃശ്ശൂർ എക്സ്പ്രസ് വേ

7 (*217) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർദേശീയ നിലവാരത്തിലുള്ള ആറുവരി പാതയായ എക്സ്പ്രസ് വേയുടെ ഭാഗമായി കന്യാകുമാരി-തൃശ്ശൂർ പാത നിർമ്മിക്കുന്ന പദ്ധതി കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly